**കേരള കാർഷിക സർവ്വകലാശാല വാർത്തകൾ**

**(മെയ് 14 – മെയ് 20, 2021)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2021 – 21** **Dt. 13.05.2021**

## ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

പൊടിവിത നടത്തിയ നെൽപ്പാടങ്ങളിൽ ഒന്നാം ഗഡു രാസവളം ചേർക്കാം. ഉല്പാദനശേഷി കൂടിയ ഹ്രസ്വകാലയിനങ്ങൾക്ക് ഏക്കറിന് 21 കിലോഗ്രാമും ഇട ത്തരം മൂപ്പുള്ളവയ്ക്ക് 26 കിലോഗ്രാമും നാടൻ ഇനങ്ങൾക്ക് 12 കിലോഗ്രാമും വീതം യൂറിയ ആവശ്യമാണ്. മേൽവളം ചേർക്കുന്നതിനു മുമ്പ് പാടത്തെ വെള്ളം വാർത്തു കളയണം. വിതയ്ക്കുന്നതിന് രണ്ടാഴ്ച്ച മുമ്പെങ്കിലും നിലം തയ്യാറാക്കി യിടുന്നത് ഫലപ്രദമായ കളനിയന്ത്രണത്തിന് അത്യാവശ്യമാണ്.

തെങ്ങിൻ തോട്ടങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് തടയുവാനായി ഇടവരമ്പു കൾ ബലപ്പെടുത്തുകയും നീർവാർച്ചയ്ക്കുള്ള ചാലുകൾ വൃത്തിയാക്കുകയും വേണം. തെങ്ങിന് ചുറ്റും ആറടി അർദ്ധവ്യാസവും, 20–25 സെ.മീ ആഴവും ഉള്ള തടം തുറന്ന് തെങ്ങൊന്നിന് ഒരു കിലോ വീതം കുമ്മായം ചേർക്കണം. മണ്ണിന്റെ പുളിരസം കുറച്ച് അതുവഴി പോഷകമൂലകങ്ങളുടെ ആഗിരണശേഷി വർദ്ധിപ്പിക്കു ന്നതിനോടൊപ്പം ജീവാണുക്കളുടെ വളർച്ചയ്ക്കും കുമ്മായപ്രയോഗം സഹായി ക്കും. കുമ്മായം ചേർത്ത് ഒരാഴ്ച്ച കഴിഞ്ഞാൽ തെങ്ങൊന്നിന് 25 കിലോഗ്രാം വീതം ജൈവവളവും നൽകാം. മഴ കിട്ടിയതും ജലസേചന സൗകര്യമുള്ളതുമായ തോട്ടങ്ങളിൽ ആകെ നിർദ്ദേശിച്ചിട്ടുള്ള രാസവളത്തിന്റെ നാലിൽ ഒരു ഭാഗം അതാ യത് 185 ഗ്രാം യൂറിയ, 210 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 285 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് കൂട്ടിക്കലർത്തി തെങ്ങിന്റെ തടത്തിൽ ചേർത്ത് മണ്ണിളക്കി കൊടുക്കണം.. ഉല്പാദന ശേഷി കൂടിയ ഇനങ്ങൾക്ക് രാസവള ശുപാർശ കൃത്യമായി പാലിക്ക ണം. കുമിൾ രോഗങ്ങൾക്കെതിരെ ഒരു പ്രതിരോധ നടപടി എന്ന നിലയ്ക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കാവുന്നതാണ്.

തവാരണയിൽ വിത്തു തേങ്ങ ഈ സമയത്ത് പാകാവുന്നതാണ്. ഒന്നര മീറ്റർ വീതിയിൽ 30 സെ.മീ ഉയരത്തിൽ സൗകര്യമുള്ള നീളത്തിൽ തവാരണകളു ണ്ടാക്കിയ ശേഷം, 30 സെ.മീ വരികൾ തമ്മിലും നിരകൾ തമ്മിലും അകലം പാലിച്ച് തേങ്ങയുടെ കണ്ണ് മുകൾഭാഗത്ത് വരത്തക്കവിധം പാകണം. മഴ കിട്ടിയ പ്രദേശങ്ങളിൽ പുതിയ തെങ്ങിൻ തൈകൾ നടാം. നേരത്തേ തയ്യാറാക്കിയിട്ടുള്ള കുഴികളിൽ ഗുണമേന്മയുള്ള തൈകൾ തെരഞ്ഞെടുത്ത്, 7–8 മീറ്റർ അകലത്തിൽ നടണം. നട്ടു കഴിഞ്ഞ തൈയുടെ കണ്ണിഭാഗം മൺ നിരപ്പിൽ നിന്ന് ഉയർന്നിരിക്ക ണം. തൈകൾക്ക് കാലവർഷക്കാറ്റിൽ ഉലച്ചിൽ തട്ടാതിരിക്കാൻ താങ്ങു വച്ച് കെട്ട ണം.

കനത്ത മഴയ്ക്ക് മുമ്പേ കമുകിൻ തൈകൾ നടാം. കൊട്ടടയ്ക്കയുടെ ഇന ങ്ങളാണ് മോഹിത് നഗർ, ശ്രീമംഗള, സൗത്ത് കാനറ, സൈഗോൺ എന്നിവ. മുറി ക്കുന്നതിനും പച്ചയായി ഉപയോഗിക്കുന്നതിനും പറ്റിയ ഇനമാണ് മംഗള. കമുകിൻ തോപ്പിൽ കൃഷി ചെയ്യാൻ യോജിച്ച ഇടവിളകളാണ് കൈതച്ചക്ക, വെറ്റില, കൊക്കോ, ഇഞ്ചി, കുരുമുളക്, വാഴ, ചേന, പച്ചക്കറികൾ, തീറ്റപ്പുല്ല് തുടങ്ങിയവ. പൈനാപ്പിൾ നടാൻ യോജിച്ച സമയമാണ് മെയ് – ജൂൺ മാസങ്ങൾ.

കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. ഇതിന്റെ പ്രതിരോധത്തിനായി രണ്ടു കിലോ ട്രൈക്കോഡർമ്മ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ വെള്ളീച്ച, മീലിമൂട്ട, പച്ചത്തുള്ളൻ മുതലായ പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കു ന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.

വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം രൂക്ഷമാണെങ്കിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് വാഴക്കവിളിൽ ഒഴിക്കുക. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കേണ്ടതാണ്. വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത ശേഷം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക അല്ലെങ്കിൽ 2 ഗ്രാം സാഫ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്. വാഴയിൽ കമ്പിളിപ്പുഴുവിനെ കാണാനിടയുണ്ട്. ഇതിന്റെ ആക്രമണം കാണുകയാണെങ്കിൽ ഉടനെ നശിപ്പിച്ചു കളയേണ്ടതാണ്.

അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487 –2370773, 9995516753**

ഒപ്പ്/–
പ്രൊഫസർ & ഹെഡ്